"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ഇടുക്കി ജില്ല കട്ടപ്പന നഗരസഭ -വാർഡ് നമ്പർ 33 - എ.കെ.ജി പടിയിൽ പുതിയ റേഷൻകട അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.264/2024/F&CS തീയതി,തിരുവനന്തപുരം, 22-08-2024

---

പരാമർശം:-
1. കട്ടപ്പന നഗരസഭാ സെക്രട്ടറിയുടെ 8.11.2021 തീയതിയിലെ പി1/19104/19 നമ്പർ കത്ത്.
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 12-07-2024 തീയതിയിലെ CCS/2545/2022-A4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ല,കട്ടപ്പന നഗരസഭയിൽ വാർഡ് നമ്പർ 33 -ൽ പുതിയ റേഷൻ കട അനുവദിക്കണം എന്ന് പരാമർശം (1) പ്രകാരം കട്ടപ്പന നഗരസഭാ സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

2. കട്ടപ്പന നഗരസഭ,വാർഡ് നമ്പർ 33 ൽ എകെജി പടി എന്ന സ്ഥലത്തു ഏകദേശം 250 ഓളം കുടുംബങ്ങൾ താമസിക്കുന്നു. ടി കുടുംബങ്ങളുടെ കാർഡുകൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് ഇവിടെ നിന്നും ഏകദേശം രണ്ടേകാൽ കിലോമീറ്റർ അകലെ വെള്ളയാംകടിയിലുള്ള 73-ാം നമ്പർ റേഷൻ കടയിലും 5 കിലോമീറ്റർ അകലെ കട്ടപ്പന ടൗണിലുള്ള റേഷൻ കടകളിലുമാണ്. ഗതാഗത സൗകര്യമുള്ളതിനാലും ജോലിക്കായി കട്ടപ്പന ഭാഗത്തേയ്ക്ക് പോകേണ്ടതിനാലും പോർട്ടബിലിറ്റി ഉള്ളതിനാലും ആളുകൾ കൂടുതലായും ആശ്രയിക്കുന്നത് കട്ടപ്പന ടൗണിലുള്ള റേഷൻ കടകളെയാണ്. 895 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വെള്ളയാംകടിയിലെ 73-ാം നമ്പർ റേഷൻ കടയിൽ നിലവിൽ ഏകദേശം 700-ഓളം കാർഡുടമകളേ റേഷൻ വാങ്ങാൻ എത്തുന്നുള്ളൂ. ബാക്കിയുള്ള കാർഡുടമകൾ കട്ടപ്പനയിലുള്ള മറ്റു റേഷൻ കടകളെയാണ് ആശ്രയിക്കുന്നത്. എ.കെ.ജി. പടിയിൽ റേഷൻ കട പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കെട്ടിടം ലഭ്യമാണ്. പുതുതായി അനുവദിക്കുന്ന റേഷൻ കടയ്ക്ക് ഏകദേശം 350-ഓളം കാർഡുകൾ ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. തോട്ടം തൊഴിലാളികൾ വസിക്കുന്ന മലയോരമേഖല എന്ന പരിഗണന നൽകി കട്ടപ്പന നഗരസഭയിലെ 33-29 വാർഡിലെ എ.കെ.ജി പടിയിൽ ഒരു പുതിയ റേഷൻ കട അനുവദിക്കാവുന്നതാണെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ല, കട്ടപ്പന നഗരസഭാ വാർഡ് നമ്പർ 33-ൽ എ.കെ.ജി. പടി എന്ന സ്ഥലത്ത് പുതിയ

റേഷൻ കട അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീന.എ.എൻ
ജോയിന്റ് സെക്രട്ടറി

1. പൊതുവിതരണഉപഭോക്തൃകാര്യകമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാകളക്ടർ ഇടുക്കി.
3. സെക്രട്ടറി ,നഗരസഭ ,കട്ടപ്പന ,ഇടുക്കി .
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
5. ജില്ലാ സപ്ലൈ ഓഫീസർ, ഇടുക്കി
6. താലൂക്ക് സപ്ലൈ ഓഫീസർ, ഇടുക്കി
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്.
8. കരുതൽ ഫയൽ(ഫയൽ നം.ബി2/171/2024/ഭ.പൊ.വി.വ)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 22-08-2024 16:28:07
സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് ജോയിന്റ് സെക്രട്ടറി-യുടെ സി.എ.യ്ക്ക്

ഭക്ഷ്യപൊതുവിതരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്